"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**


**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കൊവിഡ്-19 വ്യാപനം തടയുന്നതിന് ലോക്ക് ഡൗൺ ഏർപ്പെടുത്തിയ സാഹചര്യത്തിൽ ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലയളവിലേക്ക് തുടർച്ചയായി ഒരു ആവശ്യത്തിനും ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിളവ്(വേക്കൻസി റെമിഷൻ) അനുവദിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ സമർപ്പിക്കുന്നതിനുള്ള കാലാവധി 2020 ജൂൺ 30 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.


---

**തദ്ദേശ സ്വയം ഭരണ (ആർസി) വകുപ്പ്**

G.O.(Rt)No.746/2020/LSGD തീയതി,തിരുവനന്തപുരം, 08/04/2020

---

**ഉത്തരവ്**

കൊ വി ഡ്-19 വ്യാപനം തടയുന്നതിന് ലോക്ക് ഡൗൺ ഏർപ്പെടുത്തിയ സാഹചര്യത്തിൽ കെട്ടിട ഉടമകൾക്ക് ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവു ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ യഥാസമയം സമർപ്പിക്കാൻ ബുദ്ധിമുട്ടുള്ളതായി ബോധ്യപ്പെട്ടു .

ഈ അടിയന്തര സാഹചര്യം പരിഗണിച്ച് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലയളവിലേക്ക് തുടർച്ചയായി ഒരു ആവശ്യത്തിനും ഉപയോഗിക്കാതെ ഒഴിഞ്ഞ കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി യിളവ് (വേക്കൻസി റെമിഷൻ ) അനുവദി ക്കുന്നതിന് കേരള പഞ്ചായത്ത രാജ് നിയമം വസ്തുനികുതിയും സർചാർജ്ജും ചട്ടം 21 - ാം വകുപ്പ് പ്രകാരവും കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളിലെ ചട്ടം 239 പ്രകാരവും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ 2020-21 ഒന്നാം അർദ്ധ വർഷത്തിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി 2020 ജൂൺ 30 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

R S KANNAN

SPECIAL SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം

എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്കും ( ബന്ധപ്പെട്ട ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് എ & ഇ / എൽ.ബി.എ) , തിരുവനന്തപുരം

ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

തദ്ദേശ സ്വയം ഭരണ (എഫ് എം) വകുപ്പ്

തദ്ദേശ സ്വയം ഭരണ (ആർഡി) വകുപ്പ്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ് 19 വ്യാപനം തടയുന്നതിന് ലോക്ക്ഡൗൺ ഏർപ്പെടുത്തിയ സാഹചര്യത്തിൽ ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കുന്നതിനുള്ള കാലാവധി ഒറ്റപ്പെട്ട വിദേശികൾക്ക് താമസസൗകര്യം നൽകിയിട്ടുള്ള ടൂറിസം യൂണിറ്റുകൾക്ക് കൂടി ബാധകമാക്കി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ(സാധാ)നം.838/2020/തസ്വഭവ തിരുവനന്തപുരം, തീയതി:08.05.2020

---

പരാമർശം: സ.ഉ. (സാധാ) നം.746/2020/തസ്വഭവ തീയതി 08.04.2020

**ഉത്തരവ്**

ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29/04/ 2020 ന് ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് ബഹു: ടൂറിസം വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ഹോം സ്റ്റേ മേഖലയിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട യോഗത്തിൽ ടൂറിസം മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. കോവിഡ് 19 വ്യാപനം തടയുന്നതിന് ലോക്ക്ഡൗൺ ഏർപ്പെടുത്തിയ സാഹചര്യത്തിൽ നാട്ടിൽ തിരിച്ച് പോകാൻ സാധിക്കാതെ ഒറ്റപ്പെട്ട് പോയ വിദേശികൾക്ക് താമസസൗകര്യം ഏർപ്പെടുത്തിയിട്ടുള്ള ടൂറിസം യൂണിറ്റുകളെ (ഹോം സ്റ്റേ), അവ പ്രവർത്തിക്കുന്നില്ലെന്ന് കണക്കാക്കി, വസ്തു നികുതി ഈടാക്കുന്നതിൽ നിന്നും ഇളവ് നൽകണമെന്ന് യോഗത്തിൽ തീരുമാനിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും അടിയന്തര സാഹചര്യം പരിഗണിച്ച് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലയളവിലേക്ക് തുടർച്ചയായി ഒരു ആവശ്യത്തിനും ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതിയിളവ് (വേക്കൻസി റെമിഷൻ) അനുവദിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമം വസ്തുനികുതിയും സർചാർജ്ജും ചട്ടം 21-ാം വകുപ്പ് പ്രകാരവും കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളിലെ ചട്ടം 239 പ്രകാരവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ 2020-21 ഒന്നാം അർദ്ധ വർഷത്തിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി പരാമർശ ഉത്തരവ് പ്രകാരം 2020 ജൂൺ 30 വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ആനുകൂല്യം ലോക്ക്ഡൗൺ മൂലം നാട്ടിൽ തിരിച്ച പോകാൻ സാധിക്കാതെ ഒറ്റപ്പെട്ടുപോയ വിദേശികൾക്ക് താമസസൗകര്യം ഏർപ്പെടുത്തിയിട്ടുള്ള ടൂറിസം യൂണിറ്റുകൾക്ക് കൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സബിത.എസ് . ഡി
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ/എൽ. ബി.എ), തിരുവനന്തപുരം. ,
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ് .
തദ്ദേശ സ്വയം ഭരണ (എഫ് എം) വകുപ്പ് .
തദ്ദേശ സ്വയം ഭരണ (ആർ ഡി) വകുപ്പ് .